LIBRARY ARCHIVES Kerala Legislative Assembly

ക്ലബ്ബുകൾക്ക് വിദേശമദ്യം വിൽക്കുന്നതിന് ലൈസൻസ് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ

30 [4769] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലബ്ബുകൾക്ക് വിദേശമദ്യം വിൽക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര ക്ലബ്ബുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്ലബ്ബുകൾ ഏതൊക്കെയാണ്;

(ഡി) ലൈസൻസ് ഫീ എത്ര;

(ഇ) ലൈസൻസ് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(എഫ്) ക്ലബ്ബുകൾക്ക് ലൈസൻസ് നൽകുന്നതിന് എന്തൊക്കെ ഇളവുകളാണ് പുതിയ ഉത്തരവിൽ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ എട്ട് ക്ലബ്ബുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

(സി)

1.	ട്രിവാൻഡ്രം ക്ലബ്ബ്	.. തിരുവനന്തപുരം
2.	ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്	.. തിരുവനന്തപുരം
3.	ശ്രീമൂലം ക്ലബ്ബ്	.. തിരുവനന്തപുരം
4.	രാമവർമ്മ ക്ലബ്ബ്	.. കൊല്ലം
5.	രാമവർമ്മ യൂണിയൻ ക്ലബ്ബ്	.. കോട്ടയം
6.	ലോട്ടസ് ക്ലബ്ബ്	.. എറണാകുളം
7.	രാമവർമ്മ ക്ലബ്ബ്	.. എറണാകുളം
8.	കോസ്മോപൊളിറ്റൻ ക്ലബ്ബ്	.. കോഴിക്കോട്

(ഡി) പ്രതിവർഷം അഞ്ച് ലക്ഷം രൂപ.

(ഇ) താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്ന ക്ലബ്ബുകൾക്കാണ് ലൈസൻസ് നൽകിവരുന്നത്:

1. ക്ലബ്ബ് സ്ഥാപിച്ചിട്ട് 10 വർഷം പൂർത്തിയായിരിക്കണം.
2. അത് ഒരു രജിസ്റ്റർ ചെയ്ത സൊസൈറ്റി ആയിരിക്കണം.
3. 100-ൽ കുറയാതെ അംഗങ്ങൾ ഉണ്ടായിരിക്കണം.

4. ക്ലബ്ബ് സ്ഥിതിചെയ്യുന്ന സ്ഥലവും കെട്ടിടവും സൊസൈറ്റിയുടെ പേരിലായിരിക്കണം.

5. വാടകയ്ക്ക് കൊടുക്കുന്നതിന് കുറഞ്ഞത് 5 മുറിയെങ്കിലും ഉണ്ടായിരിക്കണം.

6. ടെന്നീസ്, വോളീബാൾ, ബാൾ ബാഡ്മിന്റൺ തുടങ്ങിയവ പോലുള്ള ഏതെങ്കിലും കുറഞ്ഞത് രണ്ട് ഔട്ട്ഡോർ കായിക വിനോദത്തിനുള്ള സൗകര്യം ഉണ്ടായിരിക്കണം.

7. ഷട്ടിൽകോക്ക് കളിക്കുന്നതിന് ഇൻഡോർ സൗകര്യങ്ങളും, ടേബിൾ ടെന്നീസ്/ബില്യാർഡ്സ് എന്നിവ കളിക്കുന്നതിന് കുറഞ്ഞത് രണ്ട് ടേബിളുകളും ഉണ്ടായിരിക്കണം.

8. ഭക്ഷണം നൽകുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.

9. അംഗങ്ങളോടൊപ്പം വരുന്ന അതിഥികൾക്ക് മാത്രമേ ഭക്ഷണവും മദ്യവും നൽകാവൂ.

10. സംസ്ഥാനത്തിന് അകത്തോ പുറത്തോ ഉള്ള കുറഞ്ഞത് 5 ക്ലബ്ബുകളുമായി അഫിലിയേഷൻ ഉണ്ടായിരിക്കണം.

(എഫ്) 9-7-2003-ലെ എസ്.ആർ.ഒ. നമ്പർ 112/2003/റ്റി.ഡി. എന്ന വിജ്ഞാപനപ്രകാരം ക്ലബ്ബ് സ്ഥാപിതമായിട്ട് 25 വർഷം പൂർത്തിയായിരിക്കണം എന്ന വ്യവസ്ഥ 10 വർഷമായി കുറച്ചിട്ടുണ്ട്.

(ജി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു.†

ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള വ്യവസ്ഥകൾ

31 [4770] ശ്രീ. എ. കെ. ബാലൻ:
,, ടി. പി. രാമകൃഷ്ണൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പത്ത് വർഷം പഴക്കമുള്ള ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിന് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ഏതെല്ലാം ക്ലബ്ബുകൾക്കാണ് ഇതിനകം ബാർ ലൈസൻസ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിനകം ബാർ ലൈസൻസ് ലഭിക്കുന്നതിനുവേണ്ടി എത്ര ക്ലബ്ബുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം; വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly